<u>പതിമൂന്നാം കേരള നിയമസഭ</u>

<u>പതിനൊന്നാം സമ്മേളനം</u>

നക്ഷത്ര ചിഹ്നമിടാത്തചോദ്യം നം.2961 19.06.2014 ലെ മറുപടിയ്ക്ക്

<u>റാന്നി താലൂക്ക് ആശുപത്രിക്ക് പുതിയ ഒ.പി.ബ്ലോക്ക്</u>

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.രാജു എബ്രഹാം | | ശ്രീ.വി.കെ.ഇബ്രാഹിംകുഞ്ഞ് (പൊതുമരാമത്ത് വകുപ്പ് മന്ത്രി) |
| (എ) | റാന്നി താലൂക്ക് ആശുപത്രിയുടെ പുതിയ ഒ.പി.ബ്ലോക്കിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഏത് ഘട്ടം വരെയായി; ഇതിനായി അനുവദിച്ച തുക എത്രയാണ്; നിർമ്മാണം പൂർത്തിയാക്കേണ്ട കാലാവധി എന്നാണ്; പ്രസ്തുത കാലാവധിക്കുള്ളിൽ നിർമ്മാണം പൂർത്തിയായില്ലെങ്കിൽ നിർമ്മാണം പൂർത്തിയാക്കാനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; | (എ) റാന്നി താലൂക്ക് ആശുപത്രിയുടെ പുതിയ ഒ.പി.ബ്ലോക്കിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ അവസാനഘട്ടത്തിലാണ്. ഇലക്ട്രിക്കൽ വർക്കുകളും ഫയർ ഫൈറ്റിംഗ് വർക്കുകളും പുരോഗമിക്കുന്നു. ഈ പ്രവൃത്തിക്കായി 4,91,86,199 രൂപയാണ് അനുവദിച്ചിരിക്കുന്നത്. നിർമ്മാണം പൂർത്തിയാക്കേണ്ട കാലാവധി 31.09.2014 ആണ്. |
| (ബി) | പുതിയ ഒ.പി.ബ്ലോക്കിൽ എന്തൊക്കെ സൗകര്യങ്ങളാണ് ഒരുക്കുന്നത് എന്ന് വ്യക്തമാക്കുമോ; | (ബി) പുതിയ ബ്ലോക്ക് 4 നില കെട്ടിടമാണ്. ഇതിന്റെ താഴത്തെ നിലയിൽ ലോബി, ഓഫീസ്, ജനറേറ്റർ, ഇലക്ട്രിക്കൽ, ക്യാന്റീൻ, റെക്കോർഡ്സ്, സ്റ്റോർ എന്നീ മുറികളും ഒന്നാം നിലയിൽ ട്രോമ കെയർ, ഫാർമസി, കൺസൾട്ടിംഗ്, വെയിറ്റിംഗ് എന്നീ മുറികളും, രണ്ടാം നിലയിൽ പ്രീ മെഡിക്കേഷൻ, ഓപ്പറേഷൻ തീയേറ്റർ, സർജിക്കൽ ഐ.സി.യു, ഡോക്ടർ, നഴ്സ് എന്നിവർക്കായുള്ള വെയിറ്റിംഗ് റൂമുകളും, മൂന്നാം നിലയിൽ നാല് പേ വാർഡുകൾ, ലോബി, നഴ്സിംഗ് സ്റ്റേഷൻ എന്നീ സൗകര്യങ്ങളുമാണ് ഒരുക്കുന്നത്. |
| (സി) | എം.എൽ.എയുടെ ആസ്തി വികസന ഫണ്ട് പദ്ധതിയിൽ ഉൾപ്പെടുത്തി താലൂക്ക് ആശുപത്രിയിൽ മോർച്ചറി കെട്ടിടം പണിയാൻ പ്രൊപ്പോസൽ നൽകിയത് എന്നാണ്; ഇതിന്റെ ഭരണാനുമതി നൽകിയത് എന്നാണ്; പ്രസ്തുത പ്രവൃത്തി ടെണ്ടർ ചെയ്തോ; ആരാണ് പ്രസ്തുത ടെണ്ടർ ഏറ്റെടുത്തത്; പദ്ധതിയുടെ നിർമ്മാണം പൂർത്തീകരിക്കാൻ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ? | (സി) പ്രൊപ്പോസൽ സമർപ്പിച്ചത് 23.11.2012 ലും, ഇതിന് ഭരണാനുമതി നൽകിയത് 09.04.2013 ലും ആണ് .പ്രവൃത്തി ടെണ്ടർ ചെയ്തിട്ടുണ്ട്. റാന്നിയിലെ ഡേറ്റാ ഇൻഫ്രാസ്ട്രക്ച്ചർ ആണ് പ്രസ്തുത ടെണ്ടർ ഏറ്റെടുത്തത്. ചില സാങ്കേതിക കാരണങ്ങളാൽ, പ്രസ്തുത കെട്ടിടത്തിന്റെ പ്ലാനിൽ മാറ്റം വരുത്തുകയും, ആയതിന്റെ അംഗീകാരത്തിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. |

സെക്ഷൻ ഓഫീസർ